"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയുടെ കാലാവധി നീട്ടി നൽകി ഉത്തരവാകുന്നു

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.194/2022/WCDD    തീയതി,തിരുവനന്തപുരം, 06-05-2022

---

പരാമർശം:-

1. സ ഉ (അച്ചടി) നം. 2/2019/സാ നീ വ തീയതി 06/03/2019
2. സ ഉ (അച്ചടി) നം. 3/2019/സാ നീ വ തീയതി 06/03/2019
3. സ.ഉ (സാധാ) നം. 88/2022/വശിവ തീയതി 26/02/2022
4. 04/05/2022 തീയതിയിലെ WCD- C2/10/2022-WCDD നമ്പർ സർക്കാർ കത്ത്
5. 05/05/2022 തീയതിയിലെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICPS-3/9408(2)/21 നമ്പർ കത്ത്

**ഉത്തരവ്**

ബാലനീതി നിയമപ്രകാരം കുട്ടികളുടെ അവകാശ സംരക്ഷണം പുനരധിവാസം തുടങ്ങിയ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനു വേണ്ടി രൂപം കൊണ്ട സ്റ്റാറ്റ്യൂട്ടറി സംവിധാനങ്ങളായ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ എന്നിവ യഥാക്രമം പരാമർശം 1, പരാമർശം 2, ഉത്തരവുകൾ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 3 വർഷ കാലാവധിയിലേയ്ക്ക് രൂപീകൃതമായ ടി ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും കാലാവധി 2022 മാർച്ചിൽ 6 ന അവസാനിച്ചിരുന്നു.

2) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി രൂപീകൃതമായ സെലക്ഷൻ കമ്മിറ്റിയിലെ ഒരംഗം രാജിവച്ച സാഹചര്യത്തിൽ സെലക്ഷൻ കമ്മിറ്റിയിൽ പുതിയ അംഗത്തെ നിയമിച്ച്, നടപടിക്രമങ്ങൾ പൂർത്തിയാക്കി മാർ ച്ച് 6 ന മുൻപ് പുതിയ ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ജുവനൈൽ ജസ്റ്റിസ് ബോർഡും രൂപീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളുടെയും കാലാവധി 2 മാസത്തേക്കോ ( മെയ് 6 വരെ )പുതിയ കമ്മിറ്റി / ബോർഡ് നിലവിൽ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ നീട്ടി നൽകി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് യോഗ്യരായ അപേക്ഷകരുടെ അഭാവം കാരണം സെലക്ഷൻ നടപടികൾ നടത്തുവാൻ കഴിയാത്ത ജില്ലകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി / ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെ കാലാവധി പരാമർശം 4 പ്രകാരം 2022 ജൂൺ 5-ാം തീയതി വരെ നീട്ടി നൽകിയിരുന്നു.

3) സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച ജില്ലകളിലെ സി.ഡബ്ല്യു.സി, ജെ.ജെ.ബി

കളുടെ കാലാവധി മെയ് 6 ന് അവസാനിയ്ക്കുമെന്നിരിക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിജ്ഞാപനം പ്രസിദ്ധീകരിച്ച് നിയമന നടപടികൾ പൂർത്തീകരിയ്ക്കുന്നതിന് സമയം ആവശ്യമാണെന്നുള്ളതു പരിഗണിച്ചും പുനർ വിജ്ഞാപനം നടത്തിയ ജില്ലകളെക്കൂടി ഉൾപ്പെടുത്തി നിയമന നടപടികൾ ഏകീകരിയ്ക്കുന്നത് ചാർജ്ജ് കൈമാറുന്നതിനും, പരിശീലനം ചിട്ടയായി നൽകുന്നതിനും ഉപകരിയ്ക്കുമെന്നതിനാലും സംസ്ഥാനത്തെ മുഴുവൻ സി.ഡബ്ല്യു.സി, ജെ.ജെ.ബി കൾക്കും 2022 ജൂലൈ മാസം 5-ാം തീയതി വരെയോ പുതുക്കിയ ലിസ്റ്റ് പ്രാബല്യത്തിൽ വരുന്നതുവരെയോ (ഏതാണോ ആദ്യം) കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം 5 പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി), ജുവനൈൽ ജസ്റ്റിസ് ബോർഡ്(ജെ.ജെ.ബി) കളുടെ കാലാവധി മെയ് 6 ന് അവസാനിയ്ക്കുമെന്നിരിക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിജ്ഞാപനം പ്രസിദ്ധീകരിച്ച് നിയമന നടപടികൾ പൂർത്തീകരിയ്ക്കുന്നതിന് സമയം ആവശ്യമാണെന്നുള്ളതു പരിഗണിച്ചും പുനർ വിജ്ഞാപനം നടത്തിയ ജില്ലകളെ കൂടി ഉൾപ്പെടുത്തി നിയമന നടപടികൾ ഏകീകരിയ്ക്കുന്നത് ചാർജ്ജ് കൈമാറുന്നതിനും പരിശീലനം ചിട്ടയായി നൽകുന്നതിനും ഉപകരിയ്ക്കുമെന്നതിനാലും സർവ്വോപരി കുട്ടികളുടെ ഉത്തമതാല്പര്യം പരിഗണിച്ചും സംസ്ഥാനത്തെ മുഴുവൻ സി.ഡബ്ല്യു.സി, ജെ.ജെ.ബി കൾക്കും 2022 ജൂലൈ മാസം 5-ാം തീയതി വരെയോ പുതുക്കിയ ലിസ്റ്റ് പ്രാബല്യത്തിൽ വരുന്നതുവരെയോ (ഏതാണോ ആദ്യം) കാലാവധി നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിഷ എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,വനിതാ ശിശു വികസന വകുപ്പ്

എല്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾക്കും

ജില്ലാ കളക്ടർമാർ (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന)

വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് ആൻഡ് ന്യൂ മീഡിയ)

ഓഫീസ് / സ്റ്റോക്ക് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ